പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1588 06.03.2020 -ലെ മറുപടിക്ക്

**വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗജന്യം**

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഏതൊക്കെ തരത്തിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിലാണ് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ടൗൺ ടു ടൗൺ ഒഴികെയുള്ള കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി ബസ്സുകളിലാണ് വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടുള്ളത്. |
| (ബി) | യാത്രാ സൗജന്യം അനുവദിച്ച തരം ബസ്സുകൾ ദുർലഭമായതിനാൽ പലപ്പോഴും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അദ്ധ്യായന വർഷം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡോക്കിലുള്ള ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് കൂടുതൽ ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കുന്നതിനും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യാത്രക്കാരെ കൃത്യസമയത്ത് ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എല്ലാ തരം കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസുകളിലും നിലവിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്. പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് യാത്ര അനുവദിക്കുന്നത്. നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. മേൽ സാഹചര്യത്തിൽ കൂടുതൽ യാത്രാസൗജന്യങ്ങൾ അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് താങ്ങാനാവുന്നതിനും അപ്പുറമാണ്. ആയതിനാൽ എല്ലാത്തരം കെ.എസ്.ആർ.ടി.സി ബസുകളിലും വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**